LIBRARY ARCHIVES Kerala Legislative Assembly

മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/തൊഴിലാളി അംശദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻപ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ അംഗത്വം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല മെമ്പർഷിപ്പ് കാമ്പയിനുകൾ നടത്തിവരുന്നുണ്ട്. കൂടാതെ 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വാഹന സംബന്ധമായ എല്ലാത്തരം രേഖകളുടെയും കാലാവധി 30-6-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതും 1-4-2021, 1-7-2021 എന്നീ ക്വാർട്ടറുകളിലെ വാഹനനികുതി ഒടുക്കുന്നതിനുള്ള സമയപരിധി 31-8-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. കൂടാതെ താല്പര്യമുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് കുറഞ്ഞവിലയിൽ ഇ.എം.സി. ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് സബ്സിഡിയറി ആയ കൺവർജൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ചേർന്ന് ഒരു പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ വിഭാവനം ചെയ്യുവരുന്നു.

കഞ്ചിക്കോട്ടെ തൊഴിലാളികളുടെ ക്ഷേമം

253(863) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് വ്യവസായ മേഖലയിലെ അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കഞ്ചിക്കോട് വ്യവസായ മേഖലയിലെ അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകളും മെച്ചപ്പെട്ട മിനിമം വേതനവും ഉറപ്പുവരുത്തുന്നതിനായി സ്വാഭാവിക പരിശോധനകൾ നടത്തിവരുന്നുണ്ട്. തൊഴിലുടമകളുടെയും ട്രേഡ് യൂണിയനുകളുടെയും സഹകരണത്തോടെ തൊഴിലാളി-തൊഴിലുടമാ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനായി തൊഴിൽ വകുപ്പ് ശ്രദ്ധചെലുത്തിവരുന്നു. കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഏകദേശം 8000-ത്തോളം അതിഥി തൊഴിലാളികൾ ജോലിയെടുത്തുവരുന്നു. ഇവർക്ക് താമസമൊരുക്കിക്കൊടുക്കുന്നത് സ്ഥാപന ഉടമകളായ കമ്പനികളാണ്. കൂടാതെ കഞ്ചിക്കോട് വ്യവസായ മേഖല കേന്ദ്രീകരിച്ച് തൊഴിലാളികൾ കൂട്ടമായി താമസിച്ചുവരുന്നു. ഇവർക്ക് വർഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

2 തവണയെങ്കിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണവും നടത്തിവരുന്നു. ഇതുകൂടാതെ മഴക്കാല പൂർവ്വ രോഗനിയന്ത്രണത്തിന്റെ ഭാഗമായി കൊതുക് നശീകരണവും പരിസര ശുചീകരണവും ഉൾപ്പെടെയുള്ള ബോധവൽക്കരണവും നടത്താറുണ്ട്. അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി കഞ്ചിക്കോട് മേഖലയിൽ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ലോക്ഡൗണിനെ തുടർന്ന് 5000-ത്തോളം അതിഥി തൊഴിലാളികൾ മാത്രമാണ് ഈ മേഖലയിൽ നിലവിലുള്ളത്. ഇവർക്ക് ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യധാന്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വാക്സിനേഷൻ നടപടി പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കായുള്ള പാർപ്പിട സമുച്ചയം 'അപ്നാഘർ' പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ, കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവയ്ക്കും അർഹതയുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് 'അപ്നാഘർ' മാതൃകയിൽ ഹോസ്റ്റൽ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

മിനിമം വേതന നിയമം

254(864) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മിനിമം വേതന നിയമം നടപ്പാക്കാത്ത എത്ര വ്യവസായ സംഭരംഭങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് മിനിമം വേതന നിയമം 1948-ന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 87 തൊഴിൽ മേഖലകളിൽ 82 തൊഴിൽ മേഖലകളിലും മിനിമം വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. മിനിമം വേതനത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകളിൽ മാത്രമാണ് മിനിമം വേതനം നിശ്ചയിക്കുന്നതും പുതുക്കി നൽകുന്നതും. മിനിമം വേതന നിയമം നടപ്പാക്കാത്ത വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല.